# കേരളസർവകലാശാല

നം.പി.ആർ.163/2023 തിരുവനന്തപുരം, തീയതി: 11/08/2023

## പത്രക്കുറിപ്പ്

## പരീക്ഷാഫലം

കേരളസർവകലാശാല 2022 സെപ്റ്റംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ സുവോളജി വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ബയോസിസ്റ്റമാറ്റിക്സ് ആന്റ് ബയോഡൈവേഴ്സിറ്റി പരീക്ഷാ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്ക് 2023 ആഗസ്റ്റ് 19 വരെ അപേക്ഷിക്കാം. സൂക്ഷ്മപരിശോധനയ്ക്ക് www.slcm.keralauniversity.ac.in മുഖേന ഓൺലൈനായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് slcm ഓൺലൈൻ പോർട്ടൽ മുഖേന മാത്രമേ സ്വീകരിക്കുകയുള്ളു. സർവകലാശാലയുടേതുൾപ്പെടെ മറ്റൊരു മാർഗ്ഗത്തിലൂടെയും അടയ്ക്കുന്ന തുക പരിഗണിക്കുന്നതല്ല. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## കോൺടാക്ട് ക്ലാസ്സുകൾ

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന നാലാം സെമസ്റ്റർ എം.എ., എം.എസ്സി., എം.കോം. (2021 അഡ്മിഷൻ) പ്രോഗ്രാമുകളുടെ കോൺടാക്ട് ക്ലാസ്സുകൾ ആഗസ്റ്റ് 16 നും, രണ്ടാം സെമസ്റ്റർ എം.എ., എം.എസ്സി., എം.കോം., എം.എൽ.ഐ.എസ്സി. (2022 അഡ്മിഷൻ) പ്രോഗ്രാമുകളുടെ കോൺടാക്ട് ക്ലാസ്സുകൾ ആഗസ്റ്റ് 18 നും ആരംഭിക്കുന്നു. വിശദവിവരങ്ങൾക്ക് www.ideku.net സന്ദർശിക്കുക.

## വൈവ – വോസി

കേരളസർവകലാശാല വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രം 2023 ജനുവരിയിൽ നടത്തിയ എം.കോം. പ്രൈവറ്റ് രജിസ്ട്രേഷൻ (2016 അഡ്മിഷൻ – ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ കോംപ്രിഹെൻസീവ് വൈവ – വോസി പരീക്ഷ 2023 ആഗസ്റ്റ് 18 ന് രാവിലെ 10 മണി മുതൽ പാളയം സെനറ്റ് ഹൗസ് ക്യാമ്പസിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ എം.എ. ഫിലോസഫി പ്രൈവറ്റ് രജിസ്ട്രേഷൻ (2016 അഡ്മിഷൻ – ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ വൈവ – വോസി 2023 ആഗസ്റ്റ് 16 ന് കാര്യവട്ടത്തെ ഫിലോസഫി പഠന വകുപ്പിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരളസർവകലാശാല 2023 ജനുവരിയിൽ നടത്തിയ രണ്ടാം വർഷ എം.എ. മലയാളം പ്രൈവറ്റ് രജിസ്ട്രേഷൻ (2016 അഡ്മിഷൻ – ആന്വൽ സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ (പേപ്പർ XVIII) വൈവ – വോസി 2023 ആഗസ്റ്റ് 19 ന് രാവിലെ 11:30 ന് പാളയം ക്യമ്പസിൽ വച്ച് നടത്തുന്നു.

## യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു

കേരളസർവകലാശാലയുടെ തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ കാട്ടാക്കട ക്രിസ്ത്യൻ കോളേജിൽ മൂന്ന് മാസം ദൈർഘ്യമുള്ള യോഗ ആന്റ് മെഡിറ്റേഷൻ കോഴ്സിലേക്ക് അപേക്ഷ ക്ഷണിച്ചു. പ്ലസ്ടു കഴിഞ്ഞവർക്ക് അപേക്ഷിക്കാം. പ്രായപരിധി ഇല്ല. അപേക്ഷ ഫോം ക്രിസ്ത്യൻ കോളേജ് ലൈബ്രറിയിൽ നിന്നും ലഭ്യമാകും. താൽപ്പര്യമുള്ള വിദ്യാർത്ഥികൾ കോളേജിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് 8547075155/ 9447319605 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്)

**E-mail:**For querieshelpdesk@keralauniversity.ac.in
**website:** www.keralauniversity.ac.in

**University information is available on 9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**